**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - പാൽന - സംസ്ഥാനത്ത് അങ്കണവാടി കം ക്രഷുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്രഷുകളുടെ പ്രവർത്തന സമയം, മോണിറ്ററിംഗ്, ഓണറേറിയം വിതരണം, നിയമനം എന്നീ വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.28/2025/WCDD തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:-

1. 31.10.2023 ലെ സ.ഉ(സാധാ) 584/2023-വശിവിവ ഉത്തരവ്
2. 31.08.2024 തീയതിയിലെ സ.ഉ (സാധാ) 345/2024- വശിവിവ ഉത്തരവ്
3. വനിത ശിശു വികസന ഡയറക്ടറുടെ 21.09.2024, 12.11.2024, 10.01.2025 തീയതികളിലെ DWCD/6/2023-ICDSB7 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പാൽന സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് അങ്കണവാടി കം ക്രഷുകൾ നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ടി സ്ഥാപനങ്ങളുടെ പ്രവർത്തന സമയം, ജീവനക്കാരുടെ നിയമന രീതി, ഓണറേറിയം വിതരണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച തീരുമാനത്തിനായി പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അങ്കണവാടി കം ക്രഷുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

**<u>പ്രവർത്തന സമയം</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പാൽന സ്കീമിന്റെ ഭാഗമായുള്ള അങ്കണവാടി കം ക്രഷുകൾ രാവിലെ 7.30 മണി മുതൽ വൈകുന്നേരം 7 മണി വരെ അങ്കണവാടിയിലെയും ക്രഷിലെയും വർക്കർ, ഹെൽപ്പർമാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്രമീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

**നിയമനം/യോഗ്യതകൾ**

നിലവിൽ വകുപ്പിന് കീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതിനാൽ ചുവടെ വിവരിക്കുന്ന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തേണ്ടതാണ്.

- കേന്ദ്ര സർക്കാർ മിഷൻ ശക്തി മാർഗ്ഗനിർദേശം അനുസരിച്ച് അങ്കണവാടി കം ക്രഷിലെ

വർക്കർ, ഹെൽപ്പർമാർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

| SL.No. | Staff | Qualification |
|---|---|---|
| 1 | Creche Worker | • The minimum qualification should be Class XII (intermediate).<br>• In case any suitable person with this qualifications is not available, relaxation may be given by the State Government/ District Administration. However, in any case, the qualifications may not be less than Class X.<br>• The age limit will be 35 years at the time of engagement. |
| 2 | Creche Helper | • The minimum qualification should be Class X (Matriculation)<br>• In case any suitable person with these qualifications is not available, relaxation may be given by the State Government/ District Administration. However, in any case, the qualification may not be less than Class VII.<br>• The age limit will be 35 years at the time of engagement. |

- നിലവിൽ പാൽന സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ക്രഷുകളിൽ ജോലി ചെയ്യുന്ന വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം XII (Intermediate), X (Matriculation) എന്നീ യോഗ്യത ഇല്ലാത്ത പക്ഷം Early Childhood Care and Education (ശൈശവ പൂർവ്വ കാല പരിചരണവും വിദ്യാഭ്യാസവും) (ECCE) മേഖലയിലുള്ള നാളിതുവരെയുള്ള അവരുടെ സേവനം കൂടി കണക്കിലെടുത്ത് കൊണ്ട് പത്താം ക്ലാസ് യോഗ്യതയുള്ള വർക്കർമാരെയും, എഴാം ക്ലാസ് യോഗ്യതയുള്ള ഹെൽപ്പർമാരെയും കൂടി അങ്കണവാടി കം ക്രഷിലേയ്ക്ക് നിയമനം നൽകാവുന്നതാണ്.
- പരാമർശം (1) ലെ ഉത്തരവ് പ്രകാരം ക്രഷ് വർക്കർ /ഹെൽപ്പർ എന്നിവരുടെ പരമാവധി പ്രായം 62 വയസ് ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ക്രഷുകളിൽ വർക്കർ, ഹെൽപ്പർ ആയി ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ള 62 വയസ്സ് കഴിയാത്ത വർക്കർ/ഹെൽപ്പർമാർക്ക് അങ്കണവാടി കം ക്രഷ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളിലേയ്ക്ക് നിയമനം നടത്തുന്നതിനായി ജില്ലാ തലത്തിൽ അപേക്ഷ ക്ഷണിക്കാവുന്നതും അവരുടെ സമ്മതപത്രം അടക്കം ലഭ്യമാക്കി ജില്ല തലത്തിൽ ലിസ്റ്റ് തയ്യാറാക്കി അങ്കണവാടി കം ക്രഷുകളിൽ നിയമിക്കാവുന്നതുമാണ്.
- ഒരു അങ്കണവാടി കം ക്രഷിൽ ജോലി ചെയ്യുവാൻ ഒന്നിലധികം യോഗ്യരായ വർക്കർ, ഹെൽപ്പർമാർ അപേക്ഷ നൽകുന്ന സാഹചര്യം ഉണ്ടായാൽ ചുവടെ വിവരിക്കുന്ന രീതിയിൽ നിയമനം നടത്താവുന്നതാണ്.

i. അങ്കണവാടി കം ക്രഷ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന അതെ വാർഡിൽ ഉള്ള യോഗ്യരായ വർക്കർ/ഹെൽപ്പർമാരെ നിയമിക്കാവുന്നതാണ്.

ii. അങ്കണവാടി കം ക്രഷ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന അതെ വാർഡിൽ ഉള്ള യോഗ്യരായ അപേക്ഷകർ ഇല്ലാത്ത പക്ഷം; അതെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ ഉള്ള യോഗ്യരായ വർക്കർ/ഹെൽപ്പർമാരെ നിയമിക്കാവുന്നതാണ്.

iii. അങ്കണവാടി കം ക്രഷ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന അതെ വാർഡിലുള്ള ഒന്നിലധികം വർക്കർ/ഹെൽപ്പർമാർ അപേക്ഷ സമർപ്പിട്ടുണ്ടെങ്കിൽ അവരിൽ വയസ്സിന്റെ അടിസ്ഥാനത്തിൽ സീനിയർ ആയ വർക്കർ/ഹെൽപ്പറെ നിയമിക്കാവുന്നതാണ്.

iv. മേൽ പരാമർശിത യോഗ്യതയുള്ള നിലവിലെ ക്രഷ് വർക്കർ, ഹെൽപ്പർമാരെ ലഭ്യമാകാത്ത പക്ഷം വർക്കർ, ഹെൽപ്പർമാരെ യഥാക്രമം XII (Intermediate), X (Matriculation) എന്നീ അടിസ്ഥാന യോഗ്യത നിശ്ചയിച്ച് പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതായത് ചുവടെ പരാമർശിക്കും വിധം പൊതുവായി നിയമനം നടത്താവുന്നതാണ്.

a. ക്രഷ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ വാർഡിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരുടെ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമനം നടത്തേണ്ടതാണ്.

b. ഇന്റർവ്യൂ ബോർഡിൽ ഉണ്ടാകേണ്ട അംഗങ്ങൾ

1) ജില്ല വനിതാ ശിശു വികസന ഓഫീസർ (ചെയർപേഴ്സൺ)

2) ബന്ധപ്പെട്ട ICDS പ്രൊജക്റ്റ് CDPO

3) ബന്ധപ്പെട്ട തദ്ദേശസ്ഥാപന അദ്ധ്യക്ഷൻ

**മേൽനോട്ടം/ഫണ്ടിംഗ്**

1. അങ്കണവാടി കം ക്രഷ് പദ്ധതിയുടെ പൂർണ്ണ ചുമതല ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് നൽകുന്നു. അങ്കണവാടി കം ക്രഷുകളുടെ മേൽനോട്ടത്തിലും പ്രവർത്തനത്തിലും പ്രോഗ്രാം ഓഫീസറുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതും, ഒപ്പം പ്രോഗ്രാം ഓഫീസർ നടത്തുന്ന പ്രതിമാസ അവലോകന മീറ്റിംഗിൽ അങ്കണവാടി കം ക്രഷുകളുടെ പ്രവർത്തനവും അവലോകനം ചെയ്യേണ്ടതുമാണ്.
2. നിലവിൽ ക്രഷുകളുടെ ഫണ്ട് കൈകാര്യം ചെയ്യുന്ന രീതിയിൽത്തന്നെ, അതായത്, PFMS സംവിധാനത്തിലൂടെ ജില്ല വനിത ശിശു വികസന ഓഫീസർമാർ മുഖേന ബന്ധപ്പെട്ട CDPO മാർക്ക് കൈമാറുകയും CDPO മാർ ക്രഷുകൾക്ക് കൈമാറുകയും ചെയ്തു വരുന്ന രീതി തന്നെ അങ്കണവാടി കം ക്രഷ് പദ്ധതിക്കും അവലംബിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
Date: 23-01-2025 11:16:14

സെക്ഷൻ ഓഫീസർ